# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *608** **31.10.2016-ൽ മറുപടിക്ക്**

### ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി<br>ശ്രീ. ജോർജ്. എം. തോമസ്<br>ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീ. ആർ. രാജേഷ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) സംസ്ഥാനത്തിന്റെ ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പ്രഖ്യാപിക്കപ്പെട്ട പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്. |
| (ബി) സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ യുവജനങ്ങൾക്കിടയിലെ തൊഴിൽരാഹിത്യം പരിഹരിക്കാനായി എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (ബി) ഐ.ടി, ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങി ആധുനിക വ്യവസായ മേഖലകളിലും കൃഷി, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായ വിവിധങ്ങളായ പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾക്കു വേണ്ടിയുള്ള വൈദഗ്ദ്ധ്യ വികസന പദ്ധതികൾക്ക് ഊന്നൽ നൽകുന്നതും പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി പ്രഖ്യാപിക്കപ്പെട്ട |

| | |
|---|---|
| | പദ്ധതികളിൽ യുവജനങ്ങൾക്കിടയിലെ തൊഴിൽരാഹിത്യം പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) പരമ്പരാഗത മേഖലയിൽ ഉപജീവനമാർഗം കണ്ടെത്തുന്നവരുൾപ്പെടെ താഴ്ന്ന വരുമാനക്കാർക്കുകൂടി വികസനത്തിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കാൻ പദ്ധതികളുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ? | (സി) പരമ്പരാഗത മേഖലയിൽ ഉപജീവന മാർഗം കണ്ടെത്തുന്നവരുൾപ്പെടെ താഴ്ന്ന വരുമാനക്കാർക്കുകൂടി വികസനത്തിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കാൻ 2016-17 പദ്ധതി കാലയളവിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളും വിഹിതവും ഇനം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. |

| പദ്ധതി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|
| കരകൗശല തൊഴിലാളികളുടെ സഹായം (asha) | 30.00 |
| കൈത്തറി മേഖലയിലെ പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ | 1000.00 |
| കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ ഹാന്റ്ലൂം ബിസിനസ് ഇന്റിക്കേറ്റർ | 250.00 |
| പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ | 98.00 |
| ഖാദി നൂൽ ഉൽപ്പന്നക്കാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും | 400.00 |
| തേനീച്ച വളർത്തൽ വ്യവസായ വികസനം | 6.00 |
| പ്രത്യേക തൊഴിൽദാന പരിപാടി (ഖാദി വ്യവസായം) | 550.00 |

(signature)
സെക്ഷൻ ആഫീസർ

അനുബന്ധം - I

# സംസ്ഥാനത്തിന്റെ ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ

- അടിസ്ഥാന സൗകര്യവികസനത്തിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(കിഫ്ബി) വഴി 50000 കോടി
- സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി
- ജനസൗഹാർദ്ദ സർക്കാർ ആസ്പത്രികൾ (ആർദ്രം മിഷൻ)
- സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി
- ഹരിത കേരളം മിഷൻ
- സമഗ്ര ആരോഗ്യ സംരക്ഷണ സ്കീം
- കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിന് പ്രത്യേക പദ്ധതി
- വാട്ടർ മെട്രോപദ്ധതി, ഉൾനാടൻ ജലഗതാഗത വികസനം.
- കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിയാക്കൽ
- പൂട്ടി കിടന്ന കശുവണ്ടി ഫാക്ടറികൾ തുറക്കൽ
- സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനം പദ്ധതി
- ഖാദിഗ്രാമങ്ങൾ സ്ഥാപിക്കൽ
- മുഴുവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കാൻ കർമ്മ പദ്ധതി
- അശരണ സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതി
- 4500 പട്ടികജാതി കുടുംബങ്ങൾക്ക് വീടു വയ്ക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി
- സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം.
- തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കൽ
- 2,028 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ
- കേരള കാർഷിക വിപണന പദ്ധതി
- പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും
- പത്തനംതിട്ട, ആലപ്പുഴ, തൃശൂർ ജില്ലകളിൽ 25 ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ
- സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് 150 കോടി
- ശബരിമലയിൽ കൂടുതൽ സൗകര്യങ്ങൾ. 26 റോഡുകളുടെ അറ്റകുറ്റപ്പണിക്ക് 88 കോടി
- മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക നടപടി
- പരമ്പരാഗത വിത്തു സംരക്ഷണത്തിന് വിത്തുബാങ്ക് സ്ഥാപിക്കും
- റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്റർ
- സംയോജിത കാർഷിക കേന്ദ്രം
- കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി രണ്ടാം ജനകീയാസൂത്രണം ആരംഭിക്കുന്നതാണ്.
- കേരളത്തിലെ മുഴുവൻ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിനായി 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പദ്ധതി.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നവീകരിക്കുന്നതിനായി 100 കോടി രൂപയുടെ പദ്ധതി.
- കേന്ദ്രസർക്കാരിന്റെ സഹായത്തോടെ റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലതകർച്ച പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ്.
- കാർഷികോൽപന്നങ്ങളുടെ വിപണനത്തിനായി കേരള അഗ്രികൾച്ചർ മാർക്കറ്റിംഗ് പ്രോജക്ട്.
- ചക്കയുടെ ഗവേഷണത്തിനും പ്രചാരണത്തിനും വേണ്ടി കായംകുളം, പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഗവേഷണവും പ്രചാരണവും.
- ഇടുക്കിയിലും വയനാട്ടിലും സ്പൈസസ് പാർക്ക് സ്ഥാപിക്കൽ.
- പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ.
- സ്വകാര്യപണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് വിശാല വിതരണ ശേഖരണ ശൃംഖല.
- കാലാവസ്ഥ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ കാർബൺ സംതുലനാവസ്ഥയ്ക്ക് പുതിയ കാഴ്ചപ്പാട്.
- കാർബൺ ന്യൂട്രൽ വയനായ്-വയനാട് ജില്ലയെ മൊത്തത്തിൽ കാർബൺ തുല്യമായി മാറ്റുന്നതിനുള്ള പദ്ധതി.
- 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് വിൻഡോ സ്റ്റേഡിയം നിർമ്മാണം.
- എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരളനവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കൽ.
- ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ് വികസിപ്പിച്ച് ആധുനിക സിനിമയ്ക്കാവശ്യമായ സജ്ജീകരണങ്ങളോടെ ഒരു ഫിലിം സിറ്റിയാക്കൽ.
- രണ്ട് മെഡിക്കൽ കോളേജുകൾ ആൾ ഇന്ത്യ മെഡിക്കൽ സയൻസ് പദവിയിലേക്കുയർത്തുക.
- ഗോത്രവർഗ്ഗക്കാർ, മത്സ്യതൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- ആയുഷിന്റെ കീഴിൽ ഒരു ആധുനിക ഗവേഷണ സ്ഥാപനം.
- ഷൊർണ്ണൂർ, തിരുവല്ല-ചങ്ങനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി സമഗ്ര കുടിവെള്ള പദ്ധതി.
- സ്മാർട്ട് സിറ്റി കുടിവെള്ള പദ്ധതി(24x7).
- പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് വ്യവസായ പാർക്കുകൾ ആരംഭിക്കൽ.
- വനിതകളുടെയും കുട്ടികളുടെയും ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കൽ.

Sd/-
സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

## സുസ്ഥിരവികസനം ലക്ഷ്യമിട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ യുവജനങ്ങൾക്കിടയിലെ തൊഴിൽരാഹിത്യം പരിഹരിക്കുന്നതിനായുള്ള പ്രധാന പദ്ധതികൾ

### ഐ.ടി മേഖല

1. നൈപുണ്യ വികസനം, ബിസിനസ് പ്ലാനിംഗ്, ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കൽ, വിപണിയുമായി ബന്ധിപ്പിക്കൽ, സാങ്കേതികവിദ്യക്കും അടിസ്ഥാന സൗകര്യത്തിനും സഹായം, മാർഗനിർദ്ദേശം, നിയമങ്ങളും ചട്ടങ്ങളും പാലിക്കൽ മുതലായവ ഉൾപ്പെടെ സംരംഭകർക്ക് വേണ്ട സഹായം നൽകുന്നതിന് എല്ലാ ജില്ലകളിലും ബിസിനസ് ഇൻകുബേറ്ററുകളും എല്ലാ മേഖലകളിലും ടെക്നോളജി ഇൻകുബേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
2. 1500 സ്റ്റാർട്ട് അപ്പുകൾക്ക് സാമ്പത്തിക അടിസ്ഥാന സൗകര്യം, സാങ്കേതിക സഹായം തുടങ്ങിയവ നൽകുന്നതാണ്.
3. വിവര സാങ്കേതികവിദ്യ, ജൈവ സാങ്കേതികവിദ്യ, ടൂറിസം, ഇലക്ട്രോണിക് തുടങ്ങിയ മേഖലകളിലും 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
4. കേരളത്തിലെ 10 ഐ.റ്റി.ഐകളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തും.

### കാർഷിക മേഖല

1. മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രൊഡ്യൂസർ കമ്പനികളുമായി ബന്ധപ്പെടുത്തി അഞ്ച് ജില്ലകളിൽ നാളികേര പാർക്കുകൾ.
2. കാർഷിക ഉൽപ്പന്നങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും കൃഷി ആവശ്യത്തിനായുള്ള വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തുടനീളം ഉപഭോക്താക്കളുടെ ആവശ്യത്തിനനുസൃതമായ സ്റ്റാളുകൾ തുറക്കൽ (Customized stall).
3. തൃശൂർ ജില്ലയിലെ മാളയിൽ ചക്കയ്ക്കുവേണ്ടി അഗ്രോ പാർക്ക്
4. പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ.
5. തൃശൂരിൽ വാഴപ്പഴവും തേനും ആസ്പദമാക്കി അഗ്രോപാർക്ക്.

### വ്യവസായ മേഖല

കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്.

### പ്രവാസി മേഖല

പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് വ്യവസായ പാർക്കുകൾ തുറക്കും.

ആദിവാസി/പിന്നോക്ക മേഖല

1. 500 ആദിവാസി/വന ആശ്രിത സമുദായത്തിൽ ഉൾപ്പെട്ട യുവാക്കൾക്ക് ഇക്കോ ടൂറിസം ഗൈഡുകളായി പരിശീലനം.
2. ഇടുക്കിയിലും വയനാട്ടിലും സ്പൈസസ് പാർക്ക് സ്ഥാപിക്കൽ.
3. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോപാർക്ക്.

സെക്ഷൻ ഓഫീസർ